## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6001** **7.07.2014- ൽ മറുപടിക്ക്**

### കൃഷിഭവനുകൾ വഴിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ കൃഷിഭവനുകൾ വഴിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) | സംസ്ഥാനത്തെ കൃഷിഭവനുകൾ വഴി പച്ചനാളികേര സംഭരണമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. 2013 ജനുവരി മാസം സംസ്ഥാനത്തെ എട്ട് ജില്ലകളിലാണ് പച്ചനാളികേര സംഭരണം ആരംഭിച്ചതെങ്കിലും ഇപ്പോൾ രണ്ട് ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. കൃഷിഭവനുകളിലൂടെ സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡ് മുഖേന ശേഖരിച്ച് കൊപ്രയാക്കുന്ന പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |
| ബി) | എന്തെല്ലാം കാർഷിക വിളകളാണ് സംഭരിക്കുന്നത്; എത്ര കൃഷി ഭവനുകളിൽ സംഭരണ പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ബി) | പച്ചനാളികേരമാണ് ഇപ്പോൾ കൃഷി ഭവനുകളിലൂടെ സംഭരണം നടത്തി വരുന്നത്.<br>സംസ്ഥാനത്തെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 339 കൃഷിഭവനുകളിലൂടെയാണ് പച്ചനാളികേര സംഭരണം നടപ്പിലാക്കി വരുന്നത്. കൃഷി ഭവനുകളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡ് മുഖേന ശേഖരിച്ച് കൊപ്രയാക്കി മാറ്റുന്ന പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കർഷകർക്ക് ഏറെ ആകർഷകമായ വിധത്തിൽ നടപ്പിലാക്കി വരുന്ന ടി പദ്ധതി പ്രകാരം 43939 ടൺ പച്ചനാളികേരം ഇതിനകം സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ